## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ഒക്ടോബർ 31, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

9 (*91) ദേശീയപാതയുടെ വികസനം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതാ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണെന്നും ഇതിനായി എല്ലാ ജില്ലകളിലും പൊന്നുംവില തഹസീൽദാർമാരെ നിയമിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രതികൂല കാലാവസ്ഥയും ഫണ്ടിന്റെ അഭാവവുമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിക്കുന്നത്. സർക്കാരിന്റെ കൈവശമുള്ളതിന് പുറമെ ഏറ്റെടുക്കേണ്ടതായി വരുന്ന ഭൂമിക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

ദേശീയപാതാ വികസനത്തിനായുള്ള മുൻഗണനാ ക്രമത്തിൽ High-2 ഇനത്തിൽപ്പെട്ട പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കൽ തുടരേണ്ടതില്ലെന്ന ദേശീയപാത അതോറിറ്റിയുടെ നിർദ്ദേശത്തെത്തുടർന്ന് ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും മുൻഗണന High-1-ലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ദേശീയപാത 66-ന്റെ വീതികൂട്ടൽ പ്രവൃത്തിക്ക് ആവശ്യമായി വരുന്ന തുകയുടെ 25% സംസ്ഥാനം വഹിക്കണമെന്ന നിർദ്ദേശം സർക്കാർ അംഗീകരിച്ച് ധാരണാപത്രം ഒപ്പുവയ്ക്കുകയും കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ തലപ്പാടി-ചെങ്ങള, ചെങ്ങള-നീലേശ്വരം, പാലൊളി, മൂരാട് പാലങ്ങളുടെ ടെണ്ടർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയത്തെത്തുടർന്ന് ദേശീയപാതകൾക്കുണ്ടായ കേടുപാടുകൾ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിനായി 178 കോടി രൂപയും ഓർഡിനറി റിപ്പെയറിംഗിനായി 20.52 കോടി രൂപയും ഫ്ലഡ് ഡാമേജ് റിപ്പെയറിംഗിനായി 5 കോടി രൂപയും കേന്ദ്രസർക്കാരിൽനിന്ന് അനുവദിച്ചുവെങ്കിലും ഉപരിതലം പുതുക്കുന്നതിനുള്ള കാലാവധി അവസാനിച്ച കാരണത്താൽ ഫണ്ട് അനുവദിക്കുന്നതിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം തടസം ഉന്നയിച്ചതിനാൽ പ്രവൃത്തി പൂർത്തിയാക്കാൻ

സാധിച്ചിട്ടില്ല. റോഡ് നിർമ്മാണത്തിന് വൈറ്റ് ടോപ്പിക് സമ്പ്രദായം ഉപയോഗിക്കാൻ ശ്രമിക്കുന്നതാണെന്നും പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ കോന്നി മുതൽ പുനലൂർ വരെയുള്ള മൂന്നാം റീച്ചിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സമയബന്ധിതമായി നിർമ്മാണം ആരംഭിക്കുന്നതാണെന്നും കൊല്ലം-ചെങ്കോട്ട പാത വീതി കൂട്ടുന്നതിനുള്ള ശ്രമം നടക്കുന്നുണ്ടെന്നും ദേശീയപാതയ്ക്കായി അനധികൃതമായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*92) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതികൾ

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ മുൻഗണനാ പട്ടികയിലുള്ള തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ പാതയ്ക്കായി നിലവിലുള്ള ഇരട്ട പാതകൾക്ക് പുറമെ മൂന്നുംനാലും പാത നിർമ്മിക്കുന്ന പദ്ധതിക്ക് "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ച് ഉത്തരവായിട്ടുണ്ടെന്നും റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തിന്റെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി

റെയിൽവേ മന്ത്രാലയവുമായി സഹകരിച്ചുകൊണ്ട് 51:49 എന്ന മൂലധനത്തിൽ സംയുക്ത സംരംഭക കമ്പനിയായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാതയുടെയും നിലമ്പൂർ-നഞ്ചൻഗോഡ് ബ്രോഡ്ഗേജ് പാതയുടെയും എറണാകുളം ഹൈക്കോടതിക്ക് സമീപമുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബാക്കി പ്രവർത്തനമാരംഭിക്കുന്ന പദ്ധതിയുടെയും വിശദമായ സാധ്യതാ പഠനം നടത്തി റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. തലശ്ശേരി-മൈസൂർ റെയിൽവേ യാഥാർത്ഥ്യമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും പാലക്കാട്-ഷൊർണ്ണൂർ റെയിൽപ്പാത തൃശ്ശൂരിലേയ്ക്ക് നീട്ടുന്ന കാര്യം ആലോചിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

11 (*93) <u>കേന്ദ്രസർക്കാരിന്റെ കരട് സമുദ്ര മത്സ്യബന്ധന നിയമം</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, കേന്ദ്രസർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കരട് സമുദ്ര മത്സ്യബന്ധന നിയമം മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന് കണ്ടെത്തിയ

സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായങ്ങളും അറിയിച്ചുകൊണ്ട് സമർപ്പിച്ച 48 നിർദ്ദേശങ്ങളിൽ 43 എണ്ണം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മത്സ്യബന്ധനത്തിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവർന്നെടുക്കുന്നതാണ് പ്രസ്തുത നിയമമെന്ന ആശങ്കയെത്തുടർന്ന് കേന്ദ്ര ഫിഷറീസ് വകുപ്പ് സെക്രട്ടറി സംസ്ഥാനത്തുവന്ന് ഇതുസംബന്ധിച്ച് ചർച്ച നടത്തുകയും 12 നോട്ടിക്കൽ മൈൽ എന്ന സംസ്ഥാനത്തിന്റെ പരിധിയിൽ കേന്ദ്രസർക്കാർ ഇടപെടില്ലെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുമ്പോൾ പരമ്പരാഗത തൊഴിലാളികളുടെയും അവരുടെ കോ-ഓപ്പറേറ്റീവുകളുടെയും സംരക്ഷണം ഉറപ്പാക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ആർ.സി.ഇ.പി. കരാർ നടപ്പാക്കുന്നതിനെതിരെ വിവിധ തൊഴിലാളി സംഘടനകളുടെ സഹകരണത്തോടെ ബഹുജന പ്രക്ഷോഭം സംഘടിപ്പിക്കുന്നതാണെന്നും ഐ.ഐ.ടി. പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം ബേക്കൽ ഹാർബറിന്റെ നിർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1133 മുതൽ 1523 വരെയുള്ള ചോദ്യങ്ങളിൽ 115 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)